(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംഘടിപ്പിച്ചിരുന്നു.

(ബി) ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറി തുണികളും വസ്ത്ര നിർമ്മാണവും റബ്ബർ തടി അധിഷ്ഠിത വ്യവസായങ്ങൾ, ആയുർവ്വേദവും ഔഷധ സസ്യങ്ങളും ഇലക്ട്രിക്കലും ഇലക്ട്രോണിക്സും പരമ്പരാഗത മേഖല തുടങ്ങിയ ഏഴ് വിഭാഗത്തിൽപ്പെട്ട കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ ഉൽപ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും കേരളത്തിന് വെളിയിൽ നിന്നുള്ള കച്ചവടക്കാർക്ക് അവ വാങ്ങുന്നതിനുള്ള ട്രേഡ് എഗ്രിമെന്റ് നടത്തുന്നതിനുമാണ് 2015-ലെ വ്യവസായ സംഗമത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്.

(സി) ബി ടു ബി മീറ്റിൽ SME യൂണിറ്റുകൾക്ക് ലഭിച്ച Trade Enquiry-കൾ പൂർത്തീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകുക, അന്താരാഷ്ട്ര വിപണിയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ യൂണിറ്റുകളെ സജ്ജരാക്കുക, തുടർ ചർച്ചകൾക്ക് വഴിയൊരുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

യു.എ.എം. സംവിധാനം

141(2342) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.എം. നിലവിൽ വന്നതിനുശേഷം ഇ.എം പാർട്ട് I എന്തെങ്കിലും സംവിധാനം വകുപ്പ് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായികളുടെ ഭാഗത്ത് നിന്നും വന്ന പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) യു.എ.എം. നിലവിൽ വന്നതിനുശേഷം വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ഫയർഫോഴ്സ്, ഫോറസ്റ്റ്, തൊഴിൽ, കൊമേഴ്സ്യൽ ടാക്സസ്, തദ്ദേശസ്വയംഭരണം, ചീഫ് ടൗൺ പ്ലാനർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ്, മൈനിങ് & ജിയോളജി, ആരോഗ്യം തുടങ്ങിയ ലൈൻ ഡിപ്പാർട്ടുമെന്റുകൾക്കും എസ്.എൽ.ബി.സി., കേരള സംസ്ഥാന ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കും വ്യവസായ വാണിജ്യ വകപ്പിലെ ഉദ്യോഗസ്ഥർക്കും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്കും ഉദ്യോഗ് ആധാറുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വ്യവസായികളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും ബാങ്ക് അക്കൗണ്ടും ആധാറുമായി ബന്ധിപ്പിച്ചുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്. എല്ലാ വ്യവസായികളോടും ഇതിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇ.എം. പാർട്ട് 1 ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

കെ. പി. പി. നമ്പ്യാരുടെ സ്മരണാർത്ഥം ഗവേഷണ പാർക്ക്, ലൈബ്രറി

142(2343) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണപാർക്ക്, ലൈബ്രറി തുടങ്ങിയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങാനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു.

എസ് & എമർജിംഗ് കേരള (വൈ.ഇ.എസ്.&എമർജിംഗ് കേരള)

143(2344) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈ.ഇ.എസ്. &എമർജിംഗ് കേരള എന്നിവയിലൂടെ എത്രമാത്രം നിക്ഷേപം കേരളത്തിലേയ്ക്ക് വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര പുതിയ പദ്ധതികൾ കേരളത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly